ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 28.09.2025**

## പ്രധാനവാർത്തകൾ

1. **സ്വദേശി ഉൽപ്പന്നങ്ങളിലൂടെ ഉത്സവങ്ങൾ ആഘോഷമാക്കാനും ഖാദി ഉല്പന്നങ്ങളെ പ്രോത്സാഹിപ്പിക്കാനും ജനങ്ങളോട് ആഹ്വാനം ചെയ്ത് പ്രധാനമന്ത്രി നരേന്ദ്ര മോദി.**

2. **രാജ്യത്തെ നാരീ ശക്തി സമസ്ത മേഖലകളിലും മുന്നേറുകയാണെന്ന് പ്രധാനമന്ത്രി; രാഷ്ട്രീയ സ്വയംസേവക സംഘിന്റെ 100 വർഷങ്ങൾ ദേശസേവനത്തിലധിഷ്ഠിതമെന്നും മൻ കി ബാത്തിൽ പരാമർശം.**

3. **പൊതുജനങ്ങൾക്ക് കേരള മുഖ്യമന്ത്രിയുമായി സംവദിക്കുന്നതിനുള്ള 'മുഖ്യമന്ത്രി എന്നോടൊപ്പം' സിറ്റിസൺ കണക്ട് സെന്റർ നാളെ മുതൽ പ്രവർത്തനം ആരംഭിക്കും.**

4. **തമിഴ്നാട് കരൂർ ദുരന്തത്തിൽ മരിച്ചവരുടെ ആശ്രിതർക്ക് ധനസഹായം പ്രഖ്യാപിച്ച് പ്രധാനമന്ത്രി; അന്വേഷണം ആരംഭിച്ച് ജുഡീഷ്യൽ കമ്മീഷൻ.**

5. **ഏഷ്യ കപ്പ് ക്രിക്കറ്റിൽ ഇന്ന് കലാശപ്പോരാട്ടം. കിരീടത്തിനായി ഇന്ത്യയും പാകിസ്ഥാനും ഏറ്റുമുട്ടും.**

6. **സംസ്ഥാനത്ത് ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്രകാലാവസ്ഥാ വകുപ്പ് ; കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും നാളെയും മത്സ്യബന്ധനത്തിന് വിലക്ക്.**

&&&&&&&&&&&&&&&&&&&&

RNU TVPM

## മൻ കി ബാത്-നാരി ശക്തി (ഇൻട്രോ)

നവരാത്രി സ്ത്രീശക്തിയുടെ ആഘോഷം കൂടിയാണെന്ന് പ്രധാനമന്ത്രി. പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടിയായ മൻ കി ബാത്തിൻറെ 126-ാം പതിപ്പിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. വിദ്യാഭ്യാസം, ശാസ്ത്രം, കായികം, വ്യവസായം തുടങ്ങി എല്ലാ മേഖലകളിലും രാജ്യത്തെ പെൺമക്കൾ വ്യക്തിമുദ്ര പതിപ്പിക്കുന്നുണ്ടെന്ന് പ്രധാനമന്ത്രി ചൂണ്ടിക്കാട്ടി. നാവിക സാഗർ പരിക്രമ ദൗത്യത്തിൽ എട്ട് മാസം ലോകം ചുറ്റിയ ഇന്ത്യൻ നാവികസേനയിലെ രണ്ട് ധീര വനിതാ ഉദ്യോഗസ്ഥരെ ശ്രീ മോദി ജനങ്ങൾക്ക് പരിചയപ്പെടുത്തി. കോഴിക്കോട് സ്വദേശി ലഫ്റ്റനൻറ് കമാൻഡർ ദിൽന, തമിഴ്നാട് സ്വദേശി ലഫ്റ്റനൻറ് കമാൻഡർ രൂപ എന്നിവരുമായി അദ്ദേഹം സംവദിച്ചു.

(ഹോൾഡ്-വോയ്സ്)

ഒരു പായ് വഞ്ചിയിൽ ലോകത്തിലെ ഏറ്റവും വിദൂര സ്ഥലമായ പോയിന്റ് നെമോയിൽ എത്തിയ ആദ്യ ഇന്ത്യക്കാരും ലോകത്തിലെ ആദ്യത്തെ വ്യക്തികളുമായി മാറിയിരിക്കുകയാണ് ലെഫ്റ്റനന്റ് കമാൻഡർമാരായ ദിൽനയും രൂപയും.

RNU TVPM

&&&&&&&&&&&&&&&&&&&&

## മൻ കി ബാത്-സ്വദേശി (ഇൻട്രോ)

വരാനിരിക്കുന്ന ഉത്സവകാലം സ്വദേശി ഉൽപ്പന്നങ്ങൾ ഉപയോഗിച്ച് ആഘോഷിക്കാനും വോക്കൽ ഫോർ ലോക്കൽ മന്ത്രമാക്കാനും പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ജനങ്ങളോട് അഭ്യർത്ഥിച്ചു. ജിഎസ്ടി സമ്പാദ്യോത്സവവും നടക്കുന്നുണ്ടെന്നും ശ്രീ മോദി അഭിപ്രായപ്പെട്ടു. രാജ്യത്ത് ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ വാങ്ങാനുള്ള ദൃഢനിശ്ചയം എടുക്കാൻ അദ്ദേഹം ജനങ്ങളോട് ആഹ്വാനം ചെയ്തു. ഇത് കരകൗശല വിദഗ്ദ്ധരുടെ കഠിനാധ്വാനത്തിന് ആദരവാണെന്നും സംരംഭകന്റെ സ്വപ്നങ്ങൾക്ക് ചിറകുകൾ നൽകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

(ഹോൾഡ്- വോയ്സ്)

&&&&&&&&&&&&&&&&&&&&

## മൻ കി ബാത്-ആർ എസ് എസ്

വിജയദശമി ദിനത്തിൽ രാഷ്ട്രീയ സ്വയംസേവക സംഘം സ്ഥാപിതമായതിന്റെ 100 വർഷം അടയാളപ്പെടുത്തുന്നതായി മൻ കി ബാത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി പ്രതിപാദിച്ചു. ഒരു നൂറ്റാണ്ടായി ഈ പ്രസ്ഥാനം അക്ഷീണം ദേശ സേവനത്തിൽ ഏർപ്പെട്ടിട്ടുണ്ടെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. പ്രകൃതിദുരന്തങ്ങൾ ഉണ്ടാകുമ്പോഴെല്ലാം ആദ്യം സഹായഹസ്തവുമായി എത്തുന്നത് ഇതിലെ വളണ്ടിയർമാരാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

&&&&&&&&&&&&&&&&&&&&

## മൻ കി ബാത്-ഖാദി

രാജ്യത്ത് ഖാദിയുടെ ഉപയോഗം വർദ്ധിച്ചതായി പ്രധാനമന്ത്രി നരേന്ദ്രമോദി. ഈ ഗാന്ധി ജയന്തി ദിനത്തിൽ ഒരു ഖാദി ഉൽപന്നമെങ്കിലും വാങ്ങണമെന്ന് പ്രധാനമന്ത്രി ജനങ്ങളോട് ആഹ്വാനം ചെയ്തു. ഉത്സവകാലത്ത് ശുചിത്വം വീടുകളിൽ മാത്രമായി പരിമിതപ്പെടുത്താതെ, തെരുവുകളിലും അയൽപക്കങ്ങളിലും വിപണികളിലും ഗ്രാമങ്ങളിലും വ്യാപിപ്പിക്കണമെന്നും ശ്രീ മോദി ഊന്നിപ്പറഞ്ഞു.

RNU TVPM

&&&&&&&&&&&&&&&&&&&&

## മുഖ്യമന്ത്രി -രാജ്ഭവൻ

വ്യത്യസ്തമായ നിലപാടുകളെ സ്വാഗതം ചെയ്യുകയാണ് സർക്കാർ നയമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കേരള രാജ്ഭവൻ പുറത്തിറക്കുന്ന "രാജഹംസ്" മാസികയുടെ ഔദ്യോഗിക പ്രകാശനം രാജ്ഭവനിൽ നിർവഹിക്കുയായിരുന്നു അദ്ദേഹം. മാസികയുടെ ആദ്യ പതിപ്പ് ശശി തരൂർ എം.പി. ക്ക് നൽകി മുഖ്യമന്ത്രി പ്രകാശനം ചെയ്തു. രാജ് ഭവനുകളെ ലോക് ഭവനുകൾ ആക്കുക എന്നുള്ളതിലേക്കുള്ള ആദ്യ ചുവടുവയ്പ്പാണ് രാജഹംസ് മാസിക എന്ന് ഗവർണ്ണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ അഭിപ്രായപ്പെട്ടു.

&&&&&&&&&&&&&&&&&&&&

## സിറ്റിസൺ കണക്ട് സെന്റർ

പൊതുജനങ്ങളുടെ നിർദ്ദേശങ്ങളും പരാതികളും മുഖ്യമന്ത്രിയോട് സംവദിക്കുന്നതിനായുള്ള 'മുഖ്യമന്ത്രി എന്നോടൊപ്പം' സിറ്റിസൺ കണക്ട് സെന്റർ നാളെ പ്രവർത്തനം ആരംഭിക്കും. വൈകിട്ട് അഞ്ചിന് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം നിർവഹിക്കും. 1800-425-6789 എന്ന ടോൾഫ്രീ നമ്പരിൽ വിളിച്ച് ജനങ്ങൾക്ക് മുഖ്യമന്ത്രിയോട് അഭിപ്രായങ്ങൾ അറിയിക്കാം.

&&&&&&&&&&&&&&&&&&&&

## കരൂർ - പി എം എക്സ്ഗ്രേഷ്യ

തമിഴ്നാട്ടിലെ കരൂരിൽ തമിഴഗ വെട്രി കഴകം സംഘടിപ്പിച്ച റാലിക്കിടെയുണ്ടായ തിക്കിലും തിരക്കിലും മരിച്ചവരുടെ അടുത്ത ബന്ധുക്കൾക്ക് അടിയന്തിര സഹായമായി പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസ നിധിയിൽ നിന്ന് 2 ലക്ഷം രൂപ വീതം പ്രഖ്യാപിച്ചു. പരിക്കേറ്റവർക്ക് 50,000 രൂപ വീതം നൽകും. തമിഴഗ വെട്രി കഴകം സ്ഥാപകൻ വിജയ്, മരിച്ചവരുടെ ആശ്രിതർക്ക് 20 ലക്ഷം രൂപയുടെ ധനസഹായാവും പ്രഖ്യാപിച്ചിട്ടുണ്ട്. പരിക്കേറ്റവരുടെ എല്ലാ ചികിത്സാ ചെലവുകളും വഹിക്കുമെന്നും അദ്ദേഹം വാഗ്ദാനം ചെയ്തു. അതിനിടെ സംഭവത്തെക്കുറിച്ച് അന്വേഷിക്കാൻ മുൻ ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് അരുണ ജഗദീഷനെ തമിഴ്നാട് സർക്കാർ നിയോഗിച്ചു. അതേസമയം മരണസംഖ്യ 40 ആയി ഉയർന്നു. 81 പേർ നിലവിൽ വിവിധ ആശുപത്രികളിലായി ചികിത്സയിലാണ്.

RNU TVPM

&&&&&&&&&&&&&&&&&&&&

## സേവാ പർവ്വ് (ഇൻട്രോ)

പൊതുസേവനവും സദ്ഭരണവും മുഖമുദ്രയാക്കിയ കേന്ദ്രസർക്കാർ, പി എം ജൻ ധൻ യോജനയിലൂടെ ദശലക്ഷക്കണക്കിന് കുടുംബങ്ങൾക്ക് ബാങ്കിംഗ് സേവനങ്ങൾ ലഭ്യമാക്കിയതും അതുവഴി ജനങ്ങളുടെ സമ്പാദ്യം ഉയർത്തിയതും സംബന്ധിച്ചാണ് ആകാശവാണിയുടെ പ്രത്യേക പരമ്പരയായ സേവാപർവ്വിൽ ഇന്ന്.

(ഹോൾഡ്-വോയ്സ്)

## സേവാ പർവ്വ് (വോയ്സ്)

കഴിഞ്ഞ ദശകത്തിൽ ഇന്ത്യയുടെ വളർച്ചാ ഗാഥയുടെ അടിസ്ഥാന ശിലയായിരുന്നു സാമ്പത്തിക ഉൾച്ചേർക്കൽ. അതുതന്നെയായിരുന്നു കേന്ദ്ര സർക്കാരിന്റെ മുൻഗണനയും. 2014 ൽ അധികാരമേറ്റ പ്രധാനമന്ത്രി മോദിയുടെ ആദ്യകാല മുൻഗണനാ പദ്ധതികളിൽ ഒന്നായിരുന്നു പ്രധാൻ മന്ത്രി ജൻ ധൻ യോജന. ബാങ്ക് അക്കൗണ്ടുകൾ തുറക്കുക എന്നത് മാത്രമല്ല, സാമ്പത്തിക ശാക്തീകരണത്തിന്റെ സുപ്രധാന ഉപാധികൂടിയായിരുന്നു അത്.

(പി എം വോയിസ് )

56 കോടിയിലധികം ജൻ ധൻ അക്കൗണ്ടുകളുള്ള ഈ പദ്ധതി ഇന്ന് ലോകത്തിലെ ഏറ്റവും വലിയ സാമ്പത്തിക ഉൾച്ചേർക്കൽ സംരംഭമായി വികാസം പ്രാപിച്ചിരിക്കുന്നു. ഇതിൽ 67 ശതമാനം അക്കൗണ്ടുകളും ഗ്രാമപ്രദേശങ്ങളിലും അർദ്ധ നഗരപ്രദേശങ്ങളിലുമാണ്, 56 ശതമാനം അക്കൗണ്ട് ഉടമകളും വനിതകളാണെന്നുള്ളതും പദ്ധതിയുടെ പ്രത്യേകതയാണ്. എല്ലാ കുടുംബങ്ങൾക്കും സാർവത്രിക ബാങ്കിംഗ് സേവനം സാധ്യമാക്കുക എന്ന ഈ ദൗത്യം, നേരിട്ടുള്ള ആനുകൂല്യ കൈമാറ്റത്തിന്റെ അടിത്തറയായും ഡിജിറ്റൽ സമ്പദ്‌വ്യവസ്ഥയെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഉത്തേജകമായും മാറിയിരിക്കുന്നു. ആനുകൂല്യ വിതരണത്തിലെ ചോർച്ച തടഞ്ഞുകൊണ്ട് 3.5 ലക്ഷം കോടിയോളം രൂപ ലാഭിക്കാൻ ഇത് സഹായകമായി. പ്രധാനമന്ത്രി ജൻ ധൻ യോജന ഇന്ന് ജീവിതങ്ങളെ പരിവർത്തനം ചെയ്യുന്നു. വികസനത്തിന്റെ നേട്ടങ്ങൾ സമൂഹത്തിലെ എല്ലാ വിഭാഗങ്ങളിലേക്കും എത്തിച്ചേരുന്നുവെന്ന് ഉറപ്പാക്കുന്നു. തുല്യവും ശാക്തീകരിക്കപ്പെട്ടതുമായ ഇന്ത്യയെ കെട്ടിപ്പടുക്കുന്നു.

&&&&&&&&&&&&&&&&&&&&

## ജി എസ് ടി പരിഷ്കാരം

പുതു തലമുറ ജിഎസ്ടി പരിഷ്കാരങ്ങളുടെ ഭാഗമായി, കാർഷിക മേഖലയിൽ, മഖാന ഉപയോഗിച്ചുള്ള ലഘുഭക്ഷണങ്ങളുടെ ജിഎസ്ടി നിരക്കുകൾ 12 ശതമാനത്തിൽ നിന്ന് 5 ശതമാനമായാണ് കേന്ദ്ര സർക്കാർ കുറച്ചത്. ഈ കുറവ്

RNIU TVPM

ആഭ്യന്തര, ആഗോള വിപണികളിൽ ഉൽപ്പന്നത്തെ കൂടുതൽ മത്സരാധിഷ്ഠിതമാക്കും.

&&&&&&&&&&&&&&&&&&&&

## ഏഷ്യാ കപ്പ് ക്രിക്കറ്റ്( ഇൻട്രോ)

ഏഷ്യ കപ്പ് ക്രിക്കറ്റിൽ ഇന്ന് കലാശപ്പോരാട്ടം. കിരീടത്തിനായി ഇന്ത്യയും പാകിസ്ഥാനും ഏറ്റുമുട്ടും. ദുബായിൽ ഇന്ത്യൻ സമയം രാത്രി എട്ടിനാണ് മത്സരം.

**ആകാശവാണി പ്രതിനിധി എം. സുരേഷ് ബാബു തയ്യാറാക്കിയ റിപ്പോർട്ട്............ (ഹോൾഡ്-വോയ്സ്)**

&&&&&&&&&&&&&&&&&&&&

## ബിസിസിഐ

ബിസിസിഐ യുടെ പുതിയ അധ്യക്ഷനായി ഡൽഹി ക്രിക്കറ്റ് ടീം മുൻ ക്യാപ്റ്റൻ മിഥുൻ മൻഹാസിനെ തിരഞ്ഞെടുത്തു . ഇന്നു നടന്ന വാർഷിക പൊതു യോഗത്തിലാണ് തീരുമാനം.

RNUTVPM

&&&&&&&&&&&&&&&&&&&&

## മഴ

സംസ്ഥാനത്ത് ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്രകാലാവസ്ഥാ വകുപ്പ്. കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. ശക്തമായ കാറ്റിന് സാധ്യതയെന്നും മുന്നറിയിപ്പുണ്ട്.

കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും നാളെയും മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

&&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&